## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4070 18.10.2011 ൽ മറുപടിക്ക്**

**അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തീരദേശ പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തീരദേശ പാതയുടെ നിർമ്മാണത്തിന് ഇതുവരെ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ; | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ തീരദേശ പാതയുടെ നിർമ്മാണത്തിന് 682 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. നിർമ്മാണം അവസാനഘട്ടത്തിലാണ് അനവസരത്തിലുള്ള മഴയും തൊഴിൽ തർക്കങ്ങളും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. ഇപ്പോൾ ധൃതഗതിയിൽ പണി നടന്നുകൊണ്ടിരിക്കുകയാണ്. |
| (സി) പ്രസ്തുത പദ്ധതിക്കായി പുറക്കാട് ഗ്രാമപഞ്ചായത്തിലെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | സ്ഥലമെടുപ്പിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു |
| (ഡി) തീരദേശപാത നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. | (ഡി) | 2012 മാർച്ച് മാസത്തിനുള്ളിൽ ടി പണി പൂർത്തീകരിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ